

ജമാഅത്തെ ഇസ്‌ലാമി

# നാടിന്റെ നന്മക്ക് പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനം

അഭിമുഖം ●
**ടി. ആരിഫലി** (അമീർ ജമാഅത്തെ ഇസ്‌ലാമി കേരള)

**ബഹുസ്വരതക്ക് ഇണങ്ങുംവിധമുള്ള പ്രവർത്തനങ്ങളാണ് കാലാകാലങ്ങളായി ജമാഅത്തെ ഇസ്‌ലാമി നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുസ്വരതക്ക് കോട്ടം തട്ടുന്നതോ ഏതെങ്കിലും മത-സമുദായങ്ങളെ പ്രയാസപ്പെടുത്തുന്നതോ ആയ പ്രവർത്തനങ്ങളിലൊന്നും ജമാഅത്ത് ഒരിക്കൽ പോലും ഭാഗഭാക്കായിട്ടില്ല. കവിഞ്ഞ ജാഗ്രതയാണ് ഇക്കാര്യത്തിൽ പ്രസ്ഥാനം പുലർത്തുന്നത്.**

*പ്രബോധനത്തിന്* **അനുവദിച്ച അഭിമുഖം**

► *അറുപതാണ്ടിലേറെയായി ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്താണ് ജമാഅത്ത് ഇവിടെ ലക്ഷ്യം വെക്കുന്നത്?*

ഇന്ത്യാ രാജ്യത്തിന്റെ സുസ്ഥിരമായ നിലനിൽപും ആരോഗ്യകരമായ വളർച്ചയും ശോഭനമായ ഭാവിയും ലക്ഷ്യം വെച്ചാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിക്കുന്നത്. ജനങ്ങളുടെ സർവതോന്മുഖമായ ക്ഷേമവും ഐശ്വര്യവും വിവിധ മത-സമുദായങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വവുമാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് നൽകാൻ കഴിയുന്ന സംഭാവനകളെല്ലാം സമയാസമയങ്ങളിൽ രാജ്യത്തിന് നൽകിയിട്ടുണ്ടെന്ന് പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. വർത്തമാനകാലത്ത് കൂടുതൽ ക്രിയാത്മകവും ചടുലവുമായി ജമാഅത്ത് അത് നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഭാവിയിലും തീർച്ചയായും ഏറ്റവും മികച്ച രീതിയിൽ ജമാഅത്ത് ജനങ്ങൾക്ക് വേണ്ടി അതിന്റെ ദൗത്യം നിർവഹിക്കും.

നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ പൗരന്മാർക്ക് പൂർണാർഥത്തിൽ ലഭ്യമാക്കണം. വർഗം, വർണം, ജാതി, സമുദായം, മതം തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം. എല്ലാവിധ ചൂഷണങ്ങളും അനീതിയും അവസാനിക്കണം. ഏറ്റവും പിന്നാക്കം നിൽക്കുന്നവരുൾപ്പെടെ മുഴുവൻ ജനങ്ങളുടെയും വളർച്ചയും പുരോഗതിയും ഉറപ്പാക്കണം. കൊല, കൊള്ള, അക്രമവാഞ്ഛ, പലിശ, ലഹരി, അഴിമതി, ലൈംഗിക അരാജകത്വം, കുടുംബകലഹം, പരിസ്ഥിതി നശീകരണം, ആത്മീയ രംഗത്തെ തട്ടിപ്പും അന്ധവിശ്വാസങ്ങളും തുടങ്ങി ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയുയർത്തുന്ന എല്ലാ തിന്മകളും ജീർണതകളും തുടച്ചുനീക്കണം. രാജ്യത്തോടുള്ള ബാധ്യത നിർവഹിക്കണം. പൗരന്മാരെ നിസ്വാർഥരായി സേവിക്കുന്ന ഭരണാധികാരികളും ഉണ്ടാകണം.

എല്ലാ മനുഷ്യരും ഒരേ ദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളുമാണെന്ന് ജമാഅത്ത് വിശ്വസിക്കുന്നു. അതുകൊണ്ട് ഭിന്ന മത-സമുദായങ്ങൾക്കിടയിൽ പരസ്പര സ്നേഹവും സൗഹാർദവും നിലനിൽക്കണം. മനുഷ്യരുടെ കഷ്ടപ്പാടുകളും പ്രയാസങ്ങളും പരിഹരിക്കാനും തിന്മകൾ ഇല്ലായ്മ ചെയ്യാനും എല്ലാ മതവിഭാഗങ്ങളും ഒരുമിച്ചുനിന്ന് പരിശ്രമിക്കണം. ജമാഅത്ത് ഇങ്ങനെ ആഗ്രഹിക്കുക മാത്രമല്ല, കഴിവിന്റെ പരമാവധി ഈ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ക്ഷേമപൂർണമായ ഒരു രാജ്യമായി നമ്മുടെ നാട് മാറാൻ, മൗലികമായ സിദ്ധാന്തങ്ങൾ സമർപ്പിക്കുകയും അടിസ്ഥാനപരമായ പരിവർത്തനത്തിന് ശ്രമിക്കുകയും ബഹുമുഖ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇസ്‌ലാമിക ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ജമാഅത്ത് ഇത് പറയുന്നത്. ആ ദർശനമാണ് ജമാഅത്തിന്റെ ആദർശം.

► *ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി വർത്തിക്കുന്ന പ്രസ്തുത ആദർശം എന്താണ്?*

വളരെ സുതാര്യവും ലളിതവും ഒട്ടും അവ്യക്തതകളും സങ്കീർണതകളുമില്ലാത്തതുമാണ് ജമാഅത്തിന്റെ ആദർശം. ഈ പ്രപഞ്ചത്തിന് അഥവാ നാം ജീവിക്കുന്ന ലോകത്തിന് ഒരു സ്രഷ്ടാവുണ്ട്. എന്തുപേരിട്ടു വിളിച്ചാലും അവൻ ഏകനാണ്. ആ ഏകദൈവത്തിന്റെ എണ്ണമറ്റ സൃഷ്ടികളിൽ ഒട്ടേറെ സവിശേഷതകളുള്ളവനാണ് മനുഷ്യൻ. ഭൂമിയിലെ തന്റെ പ്രതിനിധിയായാണ് ദൈവം മനുഷ്യനെ നിശ്ചയിച്ചിട്ടുള്ളത്. ദൈവത്തിൽ വിശ്വസിക്കുകയും അവനെ യഥാർഥ രൂപത്തിൽ ആരാധിക്കുകയും ചെയ്യേണ്ട മനുഷ്യൻ, ഭൂമിയിലെ പ്രതിനിധി എന്ന നിലയിൽ ഭൂമിയെ പരിപാലിക്കുകയും വേണം. ഭൂമിയെ വാസയോഗ്യമായി നിലനിർത്തുകയും ഇവിടെ ഉന്നതമായ സംസ്കാരവും നാഗരികതയും വളർത്തിക്കൊണ്ടുവരികയും അവയെ സംരക്ഷിക്കുകയും വേണം. അത് അർഥവത്താകാൻ ദൈവത്തിന്റെ നിർദേശങ്ങൾ അനുസരിക്കണം. ദൈവം പ്രവാചകന്മാരിലൂടെയാണ് തന്റെ നിർദേശങ്ങൾ മനുഷ്യന് നൽകിയിട്ടുള്ളത്. ആ പ്രവാചകന്മാരെ മനുഷ്യൻ പിന്തുടരണം. എങ്കിലേ ഈ ഭൂമിയെ പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് നയിക്കാൻ മനുഷ്യന് സാധിക്കുകയുള്ളൂ. ഭൂമിയിൽ ക്ഷേമപൂർണമായ ജീവിതം മാത്രമല്ല, മരണാനന്തര ജീവിതത്തിൽ വിജയവും ദൈവത്തിന്റെ പ്രീതിയും അതുവഴി മനുഷ്യന് ലഭിക്കും. അങ്ങനെ രണ്ട് ലോകങ്ങളാണ് മനുഷ്യന് നേടാൻ കഴിയുക. ഇതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാന പ്രബോധനം.

► *ബഹുസ്വരതയാണ് ഇന്ത്യയുടെ പ്രധാന സവിശേഷത. വിവിധ മതവിഭാഗങ്ങളും സമുദായ*

*ങ്ങളും ജാതി-വംശ-വർഗ വ്യത്യാസമുള്ളവരും ജീവിക്കുന്ന ഈ രാജ്യത്ത്, ഇസ്‌ലാമിക ആദർശത്തിൽ ഊന്നി നിന്നുകൊണ്ടാണ് ജമാഅത്ത് പ്രവർത്തിക്കുന്നത്. ഇന്ത്യയുടെ ഈ ബഹുസ്വരതയെ ജമാഅത്ത് എങ്ങനെയാണ് ഉൾക്കൊള്ളുന്നത്?*

ബഹുസ്വരതക്ക് വിവിധ തലങ്ങളുണ്ട്. വിവിധ ഭാഷകൾ, സംസ്കാരങ്ങൾ, മതങ്ങൾ, ഉപദേശീയതകൾ, ജാതികൾ തുടങ്ങിയവയെല്ലാമാണ് ഇന്ത്യയിലുള്ളത്. ഈ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതാണ് നമ്മുടെ ബഹുസ്വരത. ഈ ബഹുസ്വരതയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ജമാഅത്ത്, അതിന്റെ പ്രബോധന പ്രചാരണ പ്രവർത്തനങ്ങൾക്ക് ഈ ബഹുസ്വരത അനുഗുണമാണെന്ന് മനസ്സിലാക്കുകയുംചെയ്യുന്നു.

ഏതെങ്കിലും ഒരു വിഭാഗത്തിന് സ്വന്തമായി ഒരു ദർശനവും സംസ്കാരവും ഇല്ലാതിരിക്കുക എന്നതോ, ഉള്ളത് കൈയൊഴിക്കുക എന്നതോ അല്ല ബഹുസ്വരതയെ അംഗീകരിക്കുക എന്നതിന്റെ താൽപര്യം. മറിച്ച്, എല്ലാവർക്കും അവരവരുടേതായ ദർശനവും സാംസ്കാരികത്തനിമയും ഉണ്ടാവുകയും അവ നിലനിൽക്കുകയും മറ്റുള്ളവർക്ക് പ്രയാസം സൃഷ്ടിക്കാത്ത രീതിയിൽ ആചരിക്കപ്പെടുകയും ചെയ്യുകയെന്നതാണ് ബഹുസ്വരത. ജമാഅത്തെ ഇസ്‌ലാമിയുടെ ദർശനമായ ഇസ്‌ലാമും ഈ ബഹുസ്വരതയെ അംഗീകരിക്കുന്നു. ബഹുസ്വരതയെ ഒരു യാഥാർഥ്യമായി അംഗീകരിക്കുകയും അതിന്റെ സംരക്ഷണത്തിന് ആഹ്വാനം ചെയ്യുകയുമാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: “നിസ്സംശയം, താങ്കളുടെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെയെല്ലാം ഒരൊറ്റ സമുദായമാക്കാൻ കഴിയുമായിരുന്നു. പക്ഷേ, അവർ ഭിന്ന മാർഗങ്ങളിലൂടെ തന്നെ ചലിച്ചുകൊണ്ടിരിക്കുന്നു” (*ഹൂദ്* 118)

വിശ്വാസ-ആരാധനാ സ്വാതന്ത്ര്യവും, ജീവൻ, സമ്പത്ത്, അഭിമാനം തുടങ്ങിയവയുടെ സംരക്ഷണവും എല്ലാ മനഷ്യർക്കും ഇസ്‌ലാം ഉറപ്പു നൽകുന്നത് ഈ ബഹുസ്വരതയുടെ നിലനിൽപിനുള്ള പ്രായോഗിക നടപടികളാണ്.

ഇന്ത്യയിൽ എല്ലാ വിഭാഗത്തിനും തങ്ങളുടെ വിശ്വാസവും ആരാധനകളും ആചാരങ്ങളും മുറുകെപ്പിടിക്കാനും പ്രാവർത്തികമാക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടെന്ന് വിശ്വസിക്കുന്ന ജമാഅത്ത്, അതെല്ലാവർക്കും ഉറപ്പുവരുത്താൻ പരിശ്രമിക്കുന്നു. മാത്രമല്ല, ജമാഅത്തിന്റെ ആദർശം തുറന്നു പറയുകയും അതിനെക്കുറിച്ച് പഠിക്കാൻ എല്ലാവർക്കും അവസരങ്ങൾ ഒരുക്കി കൊടുക്കുകയും ചെയ്യുന്നു. സ്വന്തം ആദർശം മറച്ചുവെക്കുന്നത് കാപട്യമാണെന്നും ബഹുസ്വരതക്ക് ചേർന്നതല്ലെന്നും ജമാഅത്ത് മനസ്സിലാക്കുന്നു. മനുഷ്യരുടെ മോചനത്തെക്കുറിച്ച ജമാഅത്തിന്റെ വീക്ഷണം തുറന്നു പറഞ്ഞുകൊണ്ടാണ് ജനാധിപത്യ മൂല്യങ്ങളുടെ കരുതിവെപ്പിന് പ്രസ്ഥാനം ശ്രമിക്കുന്നത്.

► *പ്രായോഗിക രംഗത്ത് ബഹുസ്വര സമൂഹത്തെ മുമ്പിൽ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ പ്രസ്ഥാനത്തിന് എത്രത്തോളം സാധിച്ചിട്ടുണ്ട്?*

ബഹുസ്വരതക്ക് ഇണങ്ങുംവിധമുള്ള പ്രവർത്തനങ്ങളാണ് കാലാകാലങ്ങളായി ജമാഅത്തെ ഇസ്‌ലാമി നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുസ്വരതക്ക് കോട്ടം തട്ടുന്നതോ ഏതെങ്കിലും മത-സമുദായങ്ങളെ പ്രയാസപ്പെടുത്തുന്നതോ ആയ പ്രവർത്തനങ്ങളിലൊന്നും ജമാഅത്ത് ഒരിക്കൽ പോലും ഭാഗഭാക്കായിട്ടില്ല. കവിഞ്ഞ ജാഗ്രതയാണ് ഇക്കാര്യത്തിൽ പ്രസ്ഥാനം പുലർത്തുന്നത്. ജമാഅത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും.

1. മതവിഭാഗങ്ങൾ തമ്മിലുള്ള സൗഹൃദാന്തരീക്ഷം ഊട്ടിയുറപ്പിക്കാൻ സാധ്യമാകുന്ന എല്ലാ സന്ദർഭങ്ങളിലും ജമാഅത്ത് ശ്രമിക്കുന്നു. മതവിഭാഗങ്ങൾക്ക് അടുത്തറിയാനും ആശയങ്ങൾ പങ്കുവെക്കാനുമുള്ള അവസരങ്ങളാണ് ജമാഅത്ത് വ്യാപകമായി സംഘടിപ്പിക്കുന്ന സ്നേഹ സംവാദങ്ങൾ. ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ ആഘോഷാവസരങ്ങളിൽ സൗഹൃദ പരിപാടികൾ സംഘടിപ്പിക്കുകയും ഓണക്കിറ്റുകൾ പോലുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു. ഭിന്ന മതക്കാരുടെ സൗഹൃദ കൂട്ടായ്മകൾ, മത നേതാക്കളുടെ ഒത്തുചേരൽ, കുടുംബ-സാമൂഹിക വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാനുള്ള വേദികൾ തുടങ്ങിയവയെല്ലാം ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ സജീവമായി നടന്നുവരുന്നുണ്ട്.

2. ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി, എസ്.ഐ.ഒ, ജി.ഐ.ഒ, ഐ.ആർ,ഡബ്ല്യൂ തുടങ്ങിയ പോഷക വിഭാഗങ്ങൾ നടത്തുന്ന സേവന പ്രവർത്തനങ്ങളും എല്ലാ മതവിഭാഗക്കാരെയും

മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. വിവിധ തലങ്ങളിലായി ജമാഅത്ത് നടത്തിയ എണ്ണമറ്റ സേവന പദ്ധതികൾ പരിശോധിച്ചാലറിയാം, എല്ലാ സമുദായക്കാരും മത വിഭാഗങ്ങളും അവയുടെ ഗുണഭോക്താക്കളാണെന്ന്. ദാരിദ്ര്യവും കഷ്ടപാടുമാണ്, മനുഷ്യന്റെ മതവും സമുദായവുമല്ല സേവന പ്രവർത്തനങ്ങളിൽ ജമാഅത്ത് പരിഗണിക്കാറുള്ളത്. ആർക്കും ഈ വിഷയത്തിൽ ഒരാക്ഷേപവും ഉന്നയിക്കാൻ കഴിയില്ല.

3. അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നവർക്ക് വേണ്ടി ജമാഅത്തും പോഷക സംഘടനകളും നടത്തുന്ന പോരാട്ടങ്ങൾ, ആളുകളുടെ മതവും വിശ്വാസവും നോക്കിയല്ല. അവർ ഇരകളാണോ എന്നു മാത്രമേ നോക്കാറുള്ളൂ. മതവും ജാതിയും സമുദായവും തിരിച്ച് കണക്കെടുത്തിട്ടല്ല ജനങ്ങളുടെ പ്രശ്നങ്ങൾ ജമാഅത്ത് ഏറ്റെടുക്കാറുള്ളത്. നീതി നിഷേധിക്കപ്പെട്ടവന്റെ പ്രശ്നം, അവനേത് മതക്കാരനായാലും ജമാഅത്ത് ഏറ്റെടുക്കും.

ജമാഅത്തെ ഇസ്‌ലാമിയുടെ ഈ പ്രവർത്തനശൈലി ഇന്ത്യയിലെ എല്ലാ മുസ്‌ലിം സംഘടനകളും സ്വീകരിക്കണമെന്നും ബഹുസ്വര സമൂഹത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും പിന്തുടരണമെന്നും ജമാഅത്ത് ആഗ്രഹിക്കുന്നു. ലോകത്ത് കുറേയേറെ മുസ്‌ലിം രാഷ്ട്രങ്ങളുണ്ട്. ആ രാഷ്ട്രങ്ങളും ഇതേ നിലപാടുകൾ സ്വീകരിക്കണം. പൗരന്മാരുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുന്നതിലോ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിലോ മതപരമായ വിഭാഗീയത പാടില്ലെന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അഭിപ്രായം.

► *മുസ്‌ലിം പ്രശ്നങ്ങൾ ജമാഅത്തെ ഇസ്‌ലാമി ഏറ്റെടുക്കുന്നത് ഒരു സാമുദായിക സംഘടന എന്ന നിലക്കാണോ?*

മുസ്‌ലിം പിന്നാക്കാവസ്ഥയെ ഒരു സാമുദായിക പ്രശ്നമായല്ല, ദേശീയ പ്രശ്നമായാണ് ജമാഅത്തെ ഇസ്‌ലാമികാണുന്നത്. ഇന്ത്യക്കകത്ത് തുല്യാവകാശമുള്ള പൗരന്മാരായി ജീവിക്കുന്ന മുസ്‌ലിംകളുടെ പ്രശ്നങ്ങൾ ഒരു സാമുദായിക പ്രശ്നമായി മാത്രം കാണുന്നത് വിശാലമായ ദേശീയ കാഴ്ചപ്പാടിനും ബഹുസ്വരതക്കും തന്നെ നിരക്കാത്തതാണ്. രാജ്യത്തിന്റെ വളർച്ചയും പുരോഗതിയും അർഥവത്താകണമെങ്കിൽ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളും പുരോഗതി നേടണം. ഏതെങ്കിലും ഒരു വിഭാഗം പിന്നാക്കാവസ്ഥയിൽ തന്നെ തുടർന്നാൽ അത് ദേശീയപുരോഗതിയെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടാണ് ഒരു ദേശീയ പ്രശ്നമായി മുസ്‌ലിം പിന്നാക്കവസ്ഥയെയും സാമൂഹിക അരക്ഷിതാവസ്ഥയെയും കാണണമെന്ന് എല്ലാ പാർട്ടികളോടും ജമാഅത്ത് ആവശ്യപ്പെടുന്നത്.

ഇതു സംബന്ധിച്ച് മറ്റൊരു കാര്യം കൂടി പറയേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമി ആദ്യം മുതൽക്കേ നിരാകരിച്ച ആശയമാണ് സാമുദായികത. തീവ്ര സാമുദായികത കത്തിനിന്ന സമയത്താണല്ലോ ആദർശ പ്രസ്ഥാനമായ ജമാഅത്ത് രൂപംകൊണ്ടത്. ഒന്നാംനാൾ മുതൽ സാമുദായികതയെ ജമാഅത്ത് നിരാകരിച്ചു. മാനവികതയാണ് പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്നത്. ഇസ്‌ലാം ഒരു സാമുദായിക മതമല്ല. സാമൂഹിക മുഖമുള്ള ദർശനമാണ്. അതുകൊണ്ട് മുസ്‌ലിംകൾ ഒരു ജാതിയോ സമുദായമോ അല്ല ആദർശ സമൂഹമാണ്. ഏതെങ്കിലും ഒരു സമുദായത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ളതല്ല ജമാഅത്തിന്റെ പ്രവർത്തനങ്ങൾ. മനുഷ്യ സമൂഹത്തെ മുഴുവൻ ലക്ഷ്യം വെച്ചുള്ളതാണ്. പ്രസ്ഥാനത്തിന്റെ സേവന പ്രവർത്തനങ്ങൾ, ചൂഷിതർക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ, തിന്മകൾക്കെതിരായ സമരം തുടങ്ങിയവ പരിശോധിച്ചാലറിയാം, ജമാഅത്തിന്റെ മാനവികത. പ്രശ്നങ്ങളിൽ ജമാഅത്ത് ഇടപെടുന്നതും പദ്ധതികൾ നടപ്പിലാക്കുന്നതും അത് മുസ്‌ലിംകളുടേതാണോ എന്ന് നോക്കിയല്ല. രാജ്യനിവാസികളെ ഒന്നായി കണ്ടാണ് ജമാഅത്ത് പ്രവർത്തിക്കുന്നത്. മുസ്‌ലിം സംവരണത്തെക്കുറിച്ചല്ല, സാമൂഹികമായി പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗങ്ങളുടെയും സംവരണം ഉറപ്പാക്കണമെന്നാണ് ജമാഅത്ത് പറയുന്നത്.

► *ജമാഅത്തെ ഇസ്‌ലാമി പലരെയും അത്ഭുതപ്പെടുത്തുന്ന പ്രസ്ഥാനമാണ്. ജമാഅത്ത് ഇടപെടുന്ന വിഷയങ്ങളുടെ വൈവിധ്യതയാണ് ഇതിനൊരു കാരണം. മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനയായിട്ടും രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം, പരിസ്ഥിതി, വികസനം, കുടുംബജീവിതം തുടങ്ങിയ ഭിന്ന വിഷയങ്ങളിൽ ഇടപെടാൻ എങ്ങനെയാണ് ജമാഅത്തിന്*

*സാധിക്കുന്നത്?*

പരമ്പരാഗത അർഥത്തിൽ മത സംഘടന എന്ന വിശേഷണം ജമാഅത്തെ ഇസ്‌ലാമിക്ക് ഒട്ടും ചേരില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശമായ ഇസ്‌ലാം, ആത്മീയ ഉത്കർഷം മാത്രം ലക്ഷ്യം വെക്കുന്ന ആരാധനകളുടെയും സമ്പ്രദായങ്ങളുടെയും സമുച്ചയമായ ഒരു ആചാര മതമല്ല. മനുഷ്യജീവിതത്തെ ഒന്നായി കാണുകയും എല്ലാ മേഖലകളിലും ഇടപെടുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്ന, സാമൂഹിക ഉള്ളടക്കമുള്ള ഒരു ജീവിത ദർശനമാണ്. ഈയൊരു സ്വഭാവത്തിൽ ഇസ്‌ലാമിനെ മനസ്സിലാക്കിയാൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളുടെ സമഗ്രതയിൽ ഒട്ടും അത്ഭുതമുണ്ടാവുകയില്ല.

നമുക്ക് പരിചയമുള്ള പല സംഘടനകളുണ്ട്. അവയിൽ ചിലത് മത സംഘടനകളാണ്. മതപരമായ, ആത്മീയമായ മേഖല മാത്രമാണ് അവ കൈകാര്യം ചെയ്യുന്നത്. രാഷ്ട്രീയ പാർട്ടികൾ രാഷ്ട്രീയ വിഷയങ്ങളിൽ മാത്രമാണ് ഇടപെടുന്നത്. സാംസ്കാരിക സംഘടനകൾ സാംസ്കാരിക വിഷയങ്ങൾ മാത്രം ഏറ്റെടുക്കുന്നു. പരിസ്ഥിതി സംഘടനകൾ പാരിസ്ഥിതിക പ്രശ്നങ്ങളിൽ മാത്രമേ ഇടപെടൂ. ഇങ്ങനെ ഓരോ സംഘടനയും സ്വന്തമായി ഒരു ഇടം കണ്ടെത്തിയിട്ടുണ്ട്. ഇത് മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ലെന്ന് മാത്രമല്ല, സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പലരുടെയും മുമ്പിലുള്ള പൊതുധാരണ ഇതാണുതാനും. ഈ ധാരണ തിരുത്തിക്കുറിച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി രംഗത്തുവന്നിട്ടുള്ളത്. ജമാഅത്തിന്റെ ഏറ്റവും വലിയ സവിശേഷത തന്നെ അതിന്റെ സമഗ്ര സ്വഭാവമാണ്. ജീവിതത്തെ ഒരു ഏകകമായാണ് ഇസ്‌ലാം കാണുന്നത്. വെള്ളം കടക്കാത്ത അറകളാക്കി ജീവിതത്തെ പലതായി വിഭജിക്കുന്നതിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. അതായത്, ദൈവഭക്തിയും പ്രാർഥനയും ആരാധനാലയങ്ങളിലും ബന്ധപ്പെട്ട മത ചടങ്ങുകളിലും ഒതുക്കി നിർത്തുക; കുടുംബജീവിതം, സാമ്പത്തിക വിഷയങ്ങൾ, സാംസ്കാരിക-കലാ-സാഹിത്യ മേഖലകൾ, പരിസ്ഥിതി പ്രശ്നങ്ങൾ, ഭരണ, രാഷ്ട്രീയ രംഗങ്ങൾ തുടങ്ങിയവയിലൊന്നും ദൈവത്തെയോ മതത്തെയോ ഇടപെടാൻ അനുവദിക്കാതിരിക്കുക- ഈ കാഴ്ചപ്പാട് ഇസ്‌ലാം നിരാകരിക്കുന്നു. ജീവിതത്തെ ഒന്നായി കണ്ട് അതിലെ എല്ലാ പ്രശ്നങ്ങളിലും ദൈവിക നിയമങ്ങൾ അനുസരിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഒരാൾ ഒരു ദർശനം സ്വീകരിക്കുന്നു എന്നു പറയുന്നതിന്റെ അർഥം, ജീവിതത്തിൽ മുഴുവനായും ആ ഐഡിയോളജി അംഗീകരിക്കുന്നു എന്നാണ്. ജീവിതത്തിന്റെ ഏതെങ്കിലുമൊരു വിഷയത്തിൽ അതിനെ ഒതുക്കി നിർത്താനാവില്ല. ജമാഅത്തെ ഇസ്‌ലാമി ഒരു ദർശനം സ്വീകരിച്ചിട്ടുള്ളത് ജീവിതത്തിൽ മുഴുവനുമാണ്. അതിൽ ആത്മീയതയും സംസ്കാരവും രാഷ്ട്രീയവും ഉൾപ്പെടും. അതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിക്ക് എല്ലാ വിഷയങ്ങളിലും മുഴുവൻ ജീവിത മേഖലകളിലും പ്രവർത്തിക്കാൻ കഴിയുന്നു. അത് ദൈവിക ദർശനത്തിന്റെയും ജമാഅത്ത് ഉൾക്കൊണ്ട സംസ്കാരത്തിന്റെയും സവിശേഷതയാണ്.

നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മാഗാന്ധി, മതം രാഷ്ട്രീയത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും അസ്ഥിവാരമാകണം എന്ന് വിശ്വസിച്ച ആളായിരുന്നു. 'മതമുക്തമായ രാഷ്ട്രീയം മരണതുല്യം' എന്ന് ഗാന്ധിജി പറഞ്ഞത് വളരെ ആഴമുള്ള ഒരു വർത്തമാനമാണ്. അദ്ദേഹം രാഷ്ട്രീയത്തെ ഹിന്ദുമതത്തിനകത്തുനിന്ന് വീക്ഷിച്ചപോലെ, ഇസ്‌ലാമിനകത്തുനിന്നുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയത്തെ സമീപിക്കുന്നു. ഇങ്ങനെ മനുഷ്യ ജീവിതത്തെ ഒന്നായി കാണുന്ന ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിന്റെ സമഗ്രതയാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ കാണുന്നത്.

► *സമൂഹ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന ഇത്തരമൊരു പ്രവർത്തന ശൈലി സ്വീകരിക്കാൻ ജമാഅത്തിന്റെ മുമ്പിലുള്ള കർമമാതൃക ആരുടേതാണ്?*

പ്രവാചകന്മാരുടെ ജീവിതവും പ്രവർത്തനശൈലിയുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ കർമമാതൃക. ഇസ്‌ലാമിക ആദർശത്തിന്റെയും അതിന്റെ പ്രചാരണം നിർവഹിച്ച ഒരു ലക്ഷത്തിലേറെ വരുന്ന പ്രവാചകന്മാരുടെ പ്രവർത്തനങ്ങളുടെയും കാലാനുസൃതമായ ആവിഷ്കാരമാണ് ഇന്ന് ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമി നിർവഹിക്കുന്നത്.

ഭൂമിയിൽ മനുഷ്യരുള്ളേടത്തൊക്കെ പ്രവാചകന്മാരെ അയച്ചിട്ടുണ്ടെന്ന് വിശുദ്ധ ഖുർആൻ

പറയുന്നു. ധർമം സ്ഥാപിക്കുക, അധർമത്തെ നിഷ്കാസനം ചെയ്യുക എന്നതായിരുന്നു ഈ പ്രവാചകന്മാരുടെ ദൗത്യം. ജനോപകാരപ്രദമായ എല്ലാ നന്മകളും അവർ പഠിപ്പിച്ചു. പ്രാർഥന, ആരാധനാ കർമങ്ങൾ, ദാനധർമം, സംശുദ്ധമായ സമ്പാദ്യം, ജനസേവനം, ജനക്ഷേമ ഭരണം, സ്നേഹോഷ്മളമായ കുടുംബബന്ധങ്ങൾ, ആർഭാടരഹിത ജീവിതം, സാമ്പത്തിക ഇടപാടുകളിൽ സത്യസന്ധത, സാമൂഹിക സമത്വം തുടങ്ങി ഏതു നന്മയാണ് പ്രവാചകന്മാർ പഠിപ്പിക്കാതെ വിട്ടുകളഞ്ഞത്? ആരാധനാ കർമങ്ങൾ മാത്രമല്ലല്ലോ അവർ മനുഷ്യനെ പരിശീലിപ്പിച്ചത്? അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, ജാതീയത, പലിശ, മോഷണം, സാമ്പത്തിക തട്ടിപ്പുകൾ, മദ്യം, ലഹരി പദാർഥങ്ങൾ, സ്വവർഗരതി, വ്യഭിചാരം, കൊലപാതകം, പരിസ്ഥിതിയെ നശിപ്പിക്കുന്ന മുതലാളിത്ത ജീവിത രീതി, ജനങ്ങളെ ദ്രോഹിക്കുന്ന സ്വേഛാധിപത്യ ഭരണം, പൗരോഹിത്യ ചൂഷണം തുടങ്ങി ഏതു തിന്മയെയാണ് പ്രവാചകന്മാർ എതിർക്കാതെ മാറ്റി നിർത്തിയത്? മതപരമായ തിന്മയെന്നും രാഷ്ട്രീയ-സാംസ്കാരിക തിന്മയെന്നും പ്രവാചകന്മാർ തിന്മയെ വേർതിരിച്ചിട്ടുണ്ടോ?

ആസറിന്റെ പൗരോഹിത്യ ചൂഷണത്തിനെതിരെ മാത്രമല്ല, നംറൂദിന്റെ രാഷ്ട്രീയ സ്വേഛാധിപത്യത്തിനെതിരെയുമാണ് ഇബ്റാഹീം നബിയുടെ പ്രബോധന പ്രവർത്തനങ്ങൾ. നൂഹ് നബി മുതൽ മുഹമ്മദ് നബി വരെയുള്ള മുഴുവൻ പ്രവാചകന്മാരുടെയും പ്രബോധന പ്രവർത്തനങ്ങളുടെ ഒരു വലിയ സവിശേഷത അതിന്റെ സാമൂഹിക ഉള്ളടക്കമാണ്. അതാണ് കാലത്തിന്റെ ഭാഷയിൽ ജമാഅത്തെ ഇസ്‌ലാമി പുനരവതരിപ്പിക്കുന്നത്.

► *അറുപത്തിരണ്ടിലേറെ വർഷം നീണ്ട ജമാഅത്തിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്?*

ഇസ്‌ലാമിനെക്കുറിച്ച് മൗലികവും സവിശേഷവുമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമി അതിന്റെ രൂപവത്കരണം തൊട്ട് ചെയ്തു വന്ന പ്രധാന ദൗത്യം. ഇസ്‌ലാമിനെ ഒരു സമ്പൂർണ ദർശനമായും മനുഷ്യജീവിതം നേരിടുന്ന ബഹുമുഖ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന ജീവിതവ്യവസ്ഥയായും ഇസ്‌ലാമിനെ ജമാഅത്ത് അവതരിപ്പിച്ചു. ഈ അവതരണം അംഗീകരിക്കപ്പെട്ടു എന്നതാണ് ജമാഅത്തിന്റെ ഏറ്റവും വലിയ വിജയം. ഇന്ന്, ഇസ്‌ലാം ഒരു സമ്പൂർണ ജീവിത വ്യവസ്ഥയാണെന്ന് അംഗീകരിക്കാത്ത മുസ്‌ലിം പണ്ഡിതരോ സംഘടനകളോ പൊതുവെ ഇല്ലെന്ന് പറയാം. ജമാഅത്തിനോട് വിയോജിപ്പുള്ള പണ്ഡിതരും മത സംഘടനകളും ഇന്ന് ഇത് അംഗീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. മുസ്‌ലിംകൾ മാത്രമല്ല, ഇസ്‌ലാമിനെ പഠിച്ച സഹോദര സമുദായക്കാരും രാഷ്ട്രീയ ഉള്ളടക്കമുള്ള ജീവിത വ്യവസ്ഥയാണ് ഇസ്‌ലാമെന്ന് അംഗീകരിക്കുന്നു. ഇതുതന്നെയാണ് ജമാഅത്തിന്റെ ഏറ്റവും വലിയ വിജയം. ജമാഅത്ത് മുന്നോട്ടുവെച്ച ഐഡിയോളജി ജനമനസ്സുകളെ വ്യാപകമായി സ്വാധീനിക്കുകയും ആ ഐഡിയോളജി സജീവ ചർച്ചാവിഷയമായിത്തീരുകയും ചെയ്യുന്നത് വലിയ വിജയമാണ്.

പ്രായോഗിക രംഗത്ത് ജമാഅത്ത് നടത്തിയ മുന്നേറ്റത്തിന്റെ വലിയ അടയാളമാണ് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥക്കും അതിന്റെ ഭാഗമായ ഇസ്‌ലാമിക് ബാങ്കിംഗിനും ലഭിക്കുന്ന വർധിച്ച സ്വീകാര്യത. ഇസ്‌ലാമിക ജീവിതവ്യവസ്ഥയുടെ ഭാഗമായാണല്ലോ സാമ്പത്തിക വ്യവസ്ഥ അവതരിപ്പിക്കപ്പെട്ടത്. ഇന്ന് ലോകം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ, പരിഹാരമാർഗമായി ഇസ്‌ലാമിക് എക്ണോമിക്സ് പരിഗണിക്കപ്പെടുന്നു. ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിക്കുന്നു. പലിശരഹിത ബാങ്കിംഗിന് സ്വീകാര്യത വർധിച്ചുവരുന്നു. ഇതിന്റെ ക്രെഡിറ്റ് തീർച്ചയായും ജമാഅത്തെ ഇസ്‌ലാമിക്ക് അവകാശപ്പെട്ടതാണ്. ഇസ്‌ലാമിക് ബാങ്കിംഗ് കേരളക്കരക്ക് പരിചയപ്പെടുത്തിയത് ജമാഅത്തെ ഇസ്‌ലാമിയാണ്. ലോക തലത്തിൽ ഇസ്‌ലാമിക് ഫിനാൻസ് ചർച്ചകൾക്ക് നേതൃത്വം നൽകുന്നത് ജമാഅത്തിന്റെ പാഠശാലയിൽനിന്ന് (മർകസി ദർസ്ഗാഹ്) പഠിച്ചിറങ്ങിയ ഡോ. നജാത്തുല്ലാ സിദ്ദീഖിയെ പോലുള്ള പണ്ഡിതരാണ്.

ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ ഇന്ന് അംഗീകരിക്കപ്പെട്ടപോലെ, ഇസ്‌ലാമിന്റെ സാമൂഹിക -സാംസ്കാരിക കുടുംബവ്യവസ്ഥകളും മററും വരുംനാളുകളിൽ കൂടുതൽ ചർച്ച ചെയ്യപ്പെടുകയും സ്വീകാര്യത നേടുകയും ചെയ്യും.

► *ആറു പതിറ്റാണ്ട് നീണ്ട പ്രവർത്തനങ്ങളിലൂടെ ജമാഅത്ത് രാജ്യത്തിന് നൽകിയ പ്രധാന സംഭാ*

*വനകൾ എന്തൊക്കെയാണ്?*

ഇസ്‌ലാമിന്റെ സന്ദേശം ഇന്ത്യൻ ജനതക്ക് പരിചയപ്പെടുത്തുക, ബഹുസ്വര സമൂഹത്തിൽ ആദർശാധിഷ്ഠിതമായി ജീവിക്കാൻ മുസ്‌ലിം സമൂഹത്തെ സജ്ജരാക്കുക, മൂല്യബോധമുള്ള ഒരു പ്രവർത്തക വൃന്ദത്തെ വളർത്തിക്കൊണ്ടുവരിക, ഭിന്ന വിഭാഗങ്ങൾക്കിടയിൽ ആരോഗ്യകരമായ സംവാദ സംസ്കാരം വളർത്തുക തുടങ്ങിയ വിഷയങ്ങളിലെല്ലാം ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചിട്ടുണ്ട്.

ഏതാണ്ടെല്ലാ നേതാക്കളും സമ്പന്നരും പാകിസ്താനിലേക്ക് പോയതോടെ വിഭജനാനന്തര ഇന്ത്യയിൽ മുസ്‌ലിംകൾ വളരെ ദുർബലരായിരുന്നു. ഇത്തരമൊരവസ്ഥയിൽ ഇന്ത്യയിലെ മുസ്‌ലിം കൾക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലെന്ന് പലരും ധരിച്ചുപോയ സന്ദർഭത്തിലാണ് ജമാഅത്ത് പ്രവർത്തനരംഗത്ത് സജീവമായത്.

ഇസ്‌ലാമിക ദർശനത്തെ ഇന്ത്യൻ ജനതക്ക് മനോഹരമായി പരിചയപ്പെടുത്തുകയാണ് ജമാ അത്ത് നിർവഹിച്ച പ്രധാന ദൗത്യം. ഇസ്‌ലാമിന്റെ സന്ദേശം അതിന്റെ തനിമയോടെ കാലത്തിന്റെ ഭാഷയിൽ ഇന്ത്യൻ ജനതക്ക് ലഭ്യമാക്കി എന്നതുതന്നെയാണ് ജമാഅത്ത് ഈ രാജ്യത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന. ഏതു ഭാഷ സംസാരിക്കുന്നവന് മുമ്പിലും ഖുർആനിലേക്ക് തുറന്നു വെച്ച വാതിലുകളുണ്ട്. ഇന്ത്യയിലെ മുഴുവൻ ഭാഷകളിലും ഖുർആൻ പരിഭാഷകൾ പ്രസിദ്ധീകരി ക്കുകയും ഇസ്‌ലാമിക പുസ്തകങ്ങളും പ്രഭാഷണങ്ങളും സി.ഡികളും പുറത്തിറക്കുകയും ചെയ്തി ട്ടുണ്ട് ജമാഅത്ത്. ഇന്ത്യൻ സംസ്കാരത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിച്ച മുസ്‌ലിം സമൂഹത്തിന്റെ ആദർശം വളരെ മനോഹരമായി ജമാഅത്ത് പുനരവതരിപ്പിച്ചു.

ബഹുസ്വര സമൂഹത്തിൽ ക്രിയാത്മകമായി ജീവിക്കാൻ മുസ്‌ലിം സമൂഹത്തിന് വഴി കാണി ച്ചതാണ് മറ്റൊരു സംഭാവന. തീവ്രവാദത്തിലേക്കും വർഗീയ ചിന്തയിലേക്കും മുസ്‌ലിംകൾ തള്ളി യിടപ്പെടാവുന്ന സാഹചര്യമുണ്ടായിട്ടും അതിനെ ആരോഗ്യകരമായി മറികടന്ന് ആദർശബോധ ത്തോടെ ജീവിക്കാൻ മുസ്‌ലിം സമൂഹത്തെ പ്രാപ്തമാക്കുകയാണ് ജമാഅത്ത് ചെയ്തത്. ഇടക ലർന്നും ഇടപഴകിയും ജീവിച്ച പോകാവുന്ന ഒരു സ്പെയ്സ് ഇന്ത്യയിലുണ്ടെന്ന് ജമാഅത്ത് അതിന്റെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചു. സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾ അതിന്റെ കുറേകൂടി വിക സിച്ച രൂപമാണ് കാഴ്ചവെക്കുന്നത്.

മൂല്യബോധമുള്ള ലക്ഷക്കണക്കിന് പ്രവർത്തകരെ ഈ രാജ്യത്തിന് നൽകി എന്നതാണ് മൂന്നാ മത്തെ സംഭാവന. മാലാഖമാരുടെ വിശുദ്ധിയോ പ്രവാചകന്മാരുടെ പാപസുരക്ഷിതത്വമോ ഇല്ലെ ങ്കിലും താരതമ്യേന ധാർമികമായി മുന്നിൽ നിൽക്കുന്ന ഒരു അനുയായിവൃന്ദത്തെ വളർത്തിയെടു ക്കാൻ കഴിഞ്ഞത് നമ്മുടെ രാജ്യത്തിന് ഒരു വലിയ മുതൽക്കൂട്ടാണെന്ന് നേരത്തെ വിശദീകരിച്ച ജമാഅത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങൾ തെളിയിക്കുന്നു. സങ്കുചിത സാമുദായികതയോ വർഗീ യതയുടെ അംശമോ ഇല്ലാത്തവരാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകർ. വംശീയമോ വർഗീ യമോ തീവ്രവാദപരമോ ആയ ഒരു അനുഭവവും കഴിഞ്ഞ അറുപത് വർഷത്തെ പ്രവർത്തനങ്ങൾക്കി ടയിൽ ഒരിക്കൽ പോലും ഒരു ജമാഅത്ത് പ്രവർത്തകനിൽനിന്ന് ഒരാൾക്കും ഉണ്ടായിട്ടില്ലെന്ന് തറ പ്പിച്ച് പറയാം. ബഹുസ്വര രാജ്യമായ ഇന്ത്യക്ക് ഇതൊരു വലിയ സംഭാവന തന്നെയല്ലേ.

മറ്റൊരു പ്രധാന സംഭാവനയാണ് സവിശേഷമായ സംവാദത്തിന്റെ സംസ്കാരം. ഭിന്ന വീക്ഷ ണക്കാർക്ക് ആശയങ്ങൾ തുറന്ന് പങ്കുവെക്കാനും കലവറയില്ലാതെ അവയെക്കുറിച്ച് ചർച്ച നട ത്താനും കഴിയും. സ്നേഹപൂർണമായ സംവാദ സംസ്കാരം മതവിഭാഗങ്ങൾക്കിടയിലും മതേതര ചിന്താഗതിക്കാർക്കിടയിലും വളർത്തിയെടുത്തതിൽ ജമാഅത്തിന്റെ പങ്ക് വലുതാണ്.

സംവാദങ്ങൾ സാധാരണ രണ്ട് സ്വഭാവത്തിലാണ് നടക്കാറുള്ളത്. ഒന്ന്, ജയിക്കാനും തോൽപി ക്കാനും. അവിടെ ആശയങ്ങൾ അപ്രസക്തമാകുന്നുവെന്ന് മാത്രമല്ല, സത്യം മറച്ചുവെക്കപ്പെടുക കൂടി ചെയ്യുന്നു. രണ്ട്, യോജിപ്പുള്ള വിഷയങ്ങളെക്കുറിച്ച് മാത്രം സംസാരിക്കുകയും വിയോജിപ്പു ള്ളവ മറച്ചുവെക്കുകയും ചെയ്യുക. അവിടെ വിയോജിപ്പുകൾ ഉള്ളിൽ കിടന്ന് ജീർണിക്കുകയോ അപകടകരമായി വളരുകയോ ചെയ്യും.

എന്നാൽ ജമാഅത്തെ ഇസ്‌ലാമി വളർത്തിയെടുത്ത സംവാദസംസ്കാരം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. സംവാദങ്ങളിലൂടെ വിവിധ മത വിഭാഗങ്ങൾക്കും മതേതര ചിന്താഗതിക്കാർക്കും യോജിക്കാവുന്ന പോയിന്റുകൾ കണ്ടെത്തുന്നു. അതിനെക്കുറിച്ച് ചർച്ച ചെയ്യുകയും യോജിച്ചു

നിന്നുകൊണ്ട് സമൂഹത്തിന് വേണ്ടി എന്തു ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കുകയും സാധ്യമാകുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നു. വിയോജിപ്പുള്ള പോയിന്റുകൾ ഏതൊക്കെയെന്നും നിർണയിക്കുന്നു. അവയെക്കുറിച്ച് ആരോഗ്യകരമായ രീതിയിൽ വീണ്ടും സംവാദങ്ങൾ സംഘടിപ്പിക്കുന്നു. അതുവഴി തെറ്റിൽനിന്ന് ശരിയിലേക്കും ശരിയിൽനിന്ന് കൂടുതൽ ശരിയിലേക്കും വളരാൻ ശ്രമിക്കുന്നു. ഈ സംവാദത്തിന്റെ സംസ്കാരം ജമാഅത്തിനെ പഠിപ്പിച്ചത് ഇസ്‌ലാമാണ്. എല്ലാ വിഭാഗങ്ങൾക്കു മുമ്പിലും ആശയസംവാദത്തിന്റെ വാതിലുകൾ ജമാഅത്ത് തുറന്നിടുന്നു.

► *ചില കോണുകളിൽനിന്ന്, ദുർബലമെങ്കിലും നിരന്തരമായ വിമർശനങ്ങൾ ജമാഅത്തിനു നേരെ ഉന്നയിക്കപ്പെടുന്നുണ്ടല്ലോ?*

ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശവും അതിനെക്കുറിച്ച് പ്രസ്ഥാനം മുന്നോട്ടുവെച്ച കാഴ്ചപ്പാടുകളും ഇന്ത്യയിൽ മാത്രമല്ല ലോകമെങ്ങും വലിയ അളവിൽ ചർച്ചയാവുകയും സ്വീകാര്യത നേടുകയും ജനങ്ങളെ സ്വാധീനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതിന്റെ സൂചനയാണ് ചില കോണുകളിൽനിന്ന് വരുന്ന ആവർത്തനവിരസമായ വിമർശനങ്ങൾ. ഇസ്‌ലാമിക ജീവിതവ്യവസ്ഥ, അതിന്റെ രാഷ്ട്രീയ ക്രമം, ആത്മീയ അധ്യാപനങ്ങൾ, സാമ്പത്തിക വ്യവസ്ഥ തുടങ്ങിയവ ഇന്ന് സജീവമായി പഠിക്കപ്പെടുകയും സ്വീകാര്യത നേടുകയും ചെയ്യുന്നു. കിഴക്കും പടിഞ്ഞാറും ഇതിന്റെ മികച്ച സാക്ഷ്യങ്ങൾ നമുക്ക് കാണാം.

ഇരുപതാം നൂറ്റാണ്ടിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ സയ്യിദ് മൗദൂദിയും അറബ് ലോകത്ത് ശഹീദ് ഹസനുൽ ബന്നായും നേതൃത്വം നൽകിയ ഇസ്‌ലാമിക നവജാഗരണത്തിന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ യൂറോപ്പിൽ വരെ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്നുണ്ടെന്നത് ഇന്ന് ആരെയും ബോധ്യപ്പെടുത്തേണ്ടതില്ല. പ്രസ്ഥാനത്തിനെതിരെ നടക്കുന്ന കൊണ്ടുപിടിച്ച വിമർശനങ്ങളെയും അതിനുവേണ്ടി രൂപംകൊണ്ട അവിശുദ്ധ മുന്നണിയെയും കുറിച്ച് ചിന്തിക്കുന്നതോടൊപ്പം ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനത്തിനും ലഭിക്കുന്ന വർധിച്ച സ്വീകാര്യതയെക്കുറിച്ചും നാം ചിന്തിക്കണം. വിമർശനത്തിന്റെ എത്രയോ ഇരട്ടിയാണ് ഇസ്‌ലാമിനും പ്രസ്ഥാനത്തിനും ലഭിക്കുന്ന സ്വീകാര്യതയും സ്വാധീനവുമെന്ന് മനസ്സിലാക്കാൻ കേരളത്തിൽ ജമാഅത്തിനും സോളിഡാരിറ്റിക്കുമുള്ള അനുഭവങ്ങൾ മാത്രം മതി. ജമാഅത്തിന് ലഭിക്കുന്ന സ്വാധീനത്തിന്റെയും സ്വീകാര്യതയുടെയും അടയാളങ്ങളിലൊന്നാണ് മലയാള മാധ്യമങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയും പ്രസ്ഥാന സ്ഥാപകൻ സയ്യിദ് മൗദൂദിയും നിരന്തരം ചർച്ച ചെയ്യപ്പെടുന്നത്. ജമാഅത്ത് ഒഴികെ കേരളത്തിലെ മത സംഘടനകളോ അവയുടെ യുവജന വിഭാഗങ്ങളോ എന്തുകൊണ്ടാണ് നമ്മുടെ മാധ്യമങ്ങളിൽ ചർച്ചയാവാത്തത്? ചർച്ച ചെയ്യപ്പെടാൻ മാത്രം അവരുടെ കൈയിൽ ഒന്നുമില്ല എന്നതാണ് അതിന്റെ ഉത്തരം. മൗദൂദിയുടെ സമകാലികരായ മുസ്‌ലിം പണ്ഡിതർ വേറെയും ഉണ്ടായിരുന്നു. പക്ഷേ, അവരൊന്നും ചർച്ച ചെയ്യപ്പെടാതിരിക്കുമ്പോഴും മൗദൂദി ഇത്രയേറെ ചർച്ച ചെയ്യപ്പെടുന്നത് എന്തുകൊണ്ടാണ്? മൗദൂദിയും ജമാഅത്തും മുന്നോട്ടുവെച്ച ആശയങ്ങൾ കാലാതീതമായി നിലനിൽക്കുകയും പരിവർത്തനത്തിന്റെ ഹേതുവായി വർത്തിക്കുകയും ചെയ്യുന്നതുകൊണ്ടാണിത്. കാൾമാർക്സിനേക്കാളും എംഗൽസിനേക്കാളും ഇന്ന് മൗദൂദി ചർച്ചയാകുന്നത് അദ്ദേഹം സൃഷ്ടിച്ച ചിന്താവിപ്ലവത്തിന്റെ അലയൊലികൾ ഇന്നും നിലച്ചിട്ടില്ല എന്നതുകൊണ്ടാണ്.

അതേസമയം ജമാഅത്ത്-മൗദൂദി വിമർശകർ തന്നെയും ജമാഅത്തും മൗദൂദിയും മുന്നോട്ടുവെച്ച ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നും കാണാൻ കഴിയും. തങ്ങളുടെ ആശയത്തിലും ലക്ഷ്യത്തിലും പ്രവർത്തന ശൈലിയിലും ജമാഅത്തും മൗദൂദിയും മുന്നോട്ടുവെച്ച കാഴ്ചപ്പാടുകളെ സ്വാംശീകരിച്ചും അടിത്തറയാക്കിയുമാണ് അവർ മുന്നോട്ടു പോകുന്നത്. പല മതസംഘടനകളുടെയും മുപ്പതോ നാൽപതോ വർഷം മുമ്പുള്ള അവസ്ഥയും ഇന്നത്തെ പ്രവർത്തനങ്ങളും പരിശോധിച്ചാലറിയാം, ജമാഅത്ത് തെളിച്ച വഴിയിലാണ് അവരുള്ളതെന്ന്. അതേസമയം, പിതൃത്വ നിഷേധംപോലെ ജമാഅത്തിനെ വിമർശിക്കാൻ അമിതമായ വ്യഗ്രത അവർ കാണിക്കുകയും ചെയ്യുന്നു.

ജമാഅത്തെ ഇസ്‌ലാമി ശ്രദ്ധേയമായ, സ്വാധീനം വർധിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനം ആയിരുന്നില്ലെങ്കിൽ ഇവ്വിധം വിമർശിക്കപ്പെടുമായിരുന്നില്ല. ജമാഅത്തെ ഇസ്‌ലാമിയേക്കാളധികം

അംഗ സംഖ്യയുള്ളതും വളർച്ച നേടുന്നുവെന്ന് അവകാശപ്പെടുന്നതുമായ മത സംഘടനകൾ കേരളത്തിലുണ്ട്. അവക്കൊന്നും ഇത്തരം വിമർശനം ഏൽക്കേണ്ടി വരാത്തതിന്റെ കാരണം വ്യക്തമാണ്. 'ജമാഅത്തെ ഇസ്‌ലാമി എന്തുകൊണ്ട് വിമർശിക്കപ്പെടുന്നു' എന്ന തലക്കെട്ടിൽ പലരും പ്രഭാഷണങ്ങൾ നടത്തുകയും ലേഖനങ്ങളും പുസ്തകങ്ങളും എഴുതുകയും ചെയ്യുന്നു. എന്നാൽ ആ മതസംഘടനയും ഈ മത സംഘടനയും എന്തുകൊണ്ട് വിമർശിക്കപ്പെടുന്നില്ല എന്ന ചോദ്യവും ചർച്ചയും പ്രസക്തമാണ്. ■

(തുടരും)